**പൊതുസ്ഥലം മാറ്റം/അടിയന്തിരം**

നം.എ1/003331/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം , തിരുവനന്തപുരം
തീയതി : 05.02.2018

# സർക്കുലർ

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് കോളേജുകൾ - 218-19 അക്കാദമിക് വർഷത്തേയ്ക്കുള്ള അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നു

സൂചന :- 1. 21.012.1994-ലെ നം.ജി.ഒ (എം.എസ്) 27/1994/ഉ.വി.വ
2. 14.08.1997-ലെ നം.ജി.ഒ (എം.എസ്) 112/1997/ഉ.വി.വ
3. 01.09.2014-ലെ ജി.ഒ (എം.എസ്) 114/2004/ഉ.വി.വ
4. 25.02.2017-ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ
5. 29.08.2017-ലെ സ.ഉ(എം.എസ്) നം.18/17/ഉ.ഭ.പ.വ

സർക്കാർ പുറപ്പെടുവിച്ച മേൽ സൂചിപ്പിച്ച സ്ഥലമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലെയും ട്രെയിനിംഗ് കോളേജുകളിലെയും മ്യൂസിക് കോളേജുകളിലെയും, ഗവൺമെന്റ് സംസ്കൃത കോളേജുകളിലെയും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെയും അദ്ധ്യാപകരിൽ നിന്നും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും, ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിലും ജോലി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരിൽ നിന്നും 2018 അക്കാദമിക് വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. **ഈ വർഷം സ്ഥലംമാറ്റ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം കൂടി സമർപ്പിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ വെബ്സൈറ്റ് ഫെബ്രുവരി 8-ാം തീയതി ഓപ്പൺ ആകുന്നതാണ്. 8-ാം തീയതി മുതൽ അതത് കോളേജുകളിലെ ഉദ്യോഗസ്ഥർ അവർക്ക് ലഭ്യമാക്കിയ 'Log in' credential ലൂടെ 'sign in' ചെയ്ത ശേഷം Employee details update ചെയ്യേണ്ടതാണ്. അതിനു ശേഷം ഓപ്പൺ ആകുന്ന 'General Transfer 2018' –ൽ അപേക്ഷകൻ ക്ലിക്ക് ചെയ്ത് നിർബന്ധമായും പൂരിപ്പിക്കേണ്ട ഭാഗങ്ങൾ പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുമ്പോൾ ആയത് അതത് കോളേജുകളിലെ പ്രിൻസിപ്പാളിന് ലഭ്യമാകുകയും തുടർന്ന് പ്രിൻസിപ്പാൾ വെരിഫിക്കേഷൻ നടത്തി Comment ചെയ്തതിനു ശേഷം ആയത് ഡയറക്ടറേറ്റിലെ concerned section അല്ലെങ്കിൽ (അപേക്ഷയിൽ അപാകതയുണ്ടെങ്കിൽ തിരികെ അപേക്ഷകനും) ലഭ്യമാകുന്നതാണ്. അപാകത പരിഹരിച്ചതിനു ശേഷം അപേക്ഷകൻ തിരികെസമർപ്പിക്കുന്നത് പ്രിൻസിപ്പാൾ വീണ്ടും പരിശോധിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

മെഡിക്കൽ കോളേജുകൾ, ലോ കോളേജുകൾ, ആയുർവേദ കോളേജുകൾ, പോളിടെക്നിക് കോളേജുകൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അദ്ധ്യാപകർക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാളിനുള്ള Log in credentials കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്.

അതിലേക്കായി അനക്സർ 3 ആയി ഈ സർക്കുലറിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത മാതൃകയിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി അപേക്ഷ dcedirectorate@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കേണ്ടതും, ആയതിന്റെ ഹാർഡ് കോപ്പി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതുമാണ്. **ഓൺലൈൻ വഴി സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നത് കൂടാതെ നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള അപേക്ഷകൾ പൂരിപ്പിച്ച് ഓൺലൈൻ അപേക്ഷകളുടെ പ്രിന്റൗട്ടിനോടൊപ്പം അതാത് സ്ഥാപന മേധാവിയുടെ ശുപാർശയോടുകൂടി 2018 ഫെബ്രുവരി 28-നകം ഈ ഓഫീസിൽ എത്തിച്ചിരിക്കേണ്ടതാണ്.** സ്ഥലം മാറ്റത്തിന് ഏതെങ്കിലും തരത്തിൽ മുൻഗണന ലഭിയ്ക്കാൻ അർഹതയുള്ള അദ്ധ്യാപകർ ആ വിവരം അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തുകയും, ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം അയയ്ക്കുകയും ചെയ്തിരിക്കണം. ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെങ്കിൽ മുൻഗണന നൽകുന്നതിന് പരിഗണിയ്ക്കുന്നതല്ല. സ്ഥലം മാറ്റപ്പെടുന്നതിൽ നിന്നും ഏതെങ്കിലും തരത്തിൽ പ്രത്യേക പരിരക്ഷയുള്ള അദ്ധ്യാപകർ പ്രസ്തുത വിവരം സ്ഥാപന മേധാവിയെ അറിയിക്കേണ്ടതും, സ്ഥാപന മേധാവി താഴെ ക്രമ നമ്പർ 2 ജി-യിൽ ഉൾപ്പെടുത്തേണ്ടതുമാണ്. നിലവിൽ ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിനും, നേരത്തെ തെരഞ്ഞെടുത്ത ഹോം സ്റ്റേഷൻ മാറ്റാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകർ ഹോം സ്റ്റേഷൻ മാറ്റുന്നതിനും ഉള്ള അപേക്ഷ കൂടി സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം അയച്ചുതരേണ്ടതാണ്. **2018 ഫെബ്രുവരി 28-നു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**

അപേക്ഷകൾ അയയ്ക്കുമ്പോൾ സ്ഥാപന മേധാവികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ടതാണ്.

1. ഓരോ വിഷയത്തിലെയും അദ്ധ്യാപകരുടെ അപേക്ഷകൾ വേർതിരിച്ച് പ്രത്യേകം ആമുഖ കത്തോടെ അയച്ചു തരേണ്ടതാണ്. ഒരു കാരണവശാലും ഒന്നിലധികം വിഷയങ്ങളിലെ അദ്ധ്യാപകരുടെ അപേക്ഷകൾ ഒരുമിച്ച് അയയ്ക്കുവാൻ പാടുള്ളതല്ല.

   ഒരു വിഷയത്തിലുള്ള അദ്ധ്യാപകരിൽ ആരും തന്നെ സ്ഥാപനത്തിൽ നിന്ന് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലെങ്കിൽ കൂടി ആ വിഷയത്തെ സംബന്ധിച്ച് **ക്രമ നമ്പർ 2-ന്റെ ചുവട്ടിൽ ആവശ്യപ്പെട്ടിട്ടുള്ള മറ്റ് എല്ലാ വിവരങ്ങളും അയച്ചുതരേണ്ടതാണ്.**

2. ഓരോ വിഷയത്തിലേയും അദ്ധ്യാപകരുടെ അപേക്ഷകൾ അയയ്ക്കുന്ന ആമുഖ കത്തിൽ ആ വിഷയത്തെ സംബന്ധിച്ചു താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

   (A) സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകരുടെ പേര്, തസ്തിക

   (B) അദ്ധ്യാപകരിൽ ആരെങ്കിലും എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുന്നുണ്ടോ ഉണ്ടെങ്കിൽ:

   1. എൻ.സി.സി യൂണിറ്റുകളുടെ എണ്ണം

2. എൻ.സി.സി ഓഫീസറായി പ്രവർത്തിയ്ക്കുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക, ട്രെയിനിംഗ് പൂർത്തിയാക്കിയ തീയതി
3. എൻ.സി.സി ഓഫീസറായി ചുമതല ഏറ്റെടുത്ത തീയതി

(C) എഫ്.ഐ.പി ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ (പേര്, ഡെപ്യൂട്ടേഷൻ കാലാവധി)

(D) ശൂന്യവേതനാവധിയിൽ തുടരുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ (പേര്, അവധി കാലയളവ്)

(E) നിലവിൽ അനുവദിയ്ക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണം/ യഥാർത്ഥത്തിലുള്ള വർക്ക് ലോഡ് പ്രകാരം ആവശ്യമായ തസ്തികകളുടെ എണ്ണം/ നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകർ/അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ എന്നുമുതൽ ജോലിനോക്കുന്നു. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം സർക്കാർ സംഗീത കോളേജുകളിലെ അദ്ധ്യാപകരുടെ വിവരങ്ങൾ തസ്തകയും വിഷയവും തിരിച്ച് (ലക്ചറർ, അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ) നൽകേണ്ടതാണ്.

(F) 30.06.2018 വരെ വിരമിയ്ക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ (പേര്, ജനന തീയതി, വിരമിയ്ക്കൽ തീയതി)

(G) സ്ഥലംമാറ്റപ്പെടുന്നതിൽ നിന്നും പരിരക്ഷ അർഹിയ്ക്കുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ, വികലാംഗ പരിരകഷയുള്ള ജീവനക്കാരുടെ വികലാംഗത്വ ശതമാനം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ താൽക്കാലിക ലിസ്റ്റ് മാർച്ച് 31-ന് പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക ലിസ്റ്റിന്മേൽ പരാതിയുള്ള പക്ഷം ആയത് വേണ്ട തെളിവുകളോടെ സമർപ്പിക്കണം. പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്. സ്ഥലം മാറ്റം നൽകിക്കൊണ്ടുള്ള അന്തിമ ഉത്തരവ് മേയ് മാസം പുറപ്പെടുവിക്കുന്നതാണ്. സ്ഥലം മാറ്റത്തിനുള്ള അപേക്ഷയുടെയും ഹോം സ്റ്റേഷൻ തെരഞ്ഞെടുക്കുന്നതിന്/ മാറ്റുന്നതിന് ഉള്ള അപേക്ഷയുടെയും മാതൃക കോളേജു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഒപ്പ്/-)

എം.എസ്.ജയ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാർക്കും/മ്യൂസിക് കോളേജ് പ്രിൻസിപ്പൽമാർക്കും
2. എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്/ലാ കോളേജ്/മെഡിക്കൽ കോളേജ്/ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർക്കും
3. എല്ലാ ഗവൺമെന്റ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്കും
4. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. സൂപ്രണ്ട് - എ/ബി സെക്ഷനുകൾ
6. എ/ബി സെക്ഷനിലുള്ള എല്ലാ ക്ലാർക്കുമാർക്കും
7. കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/08.01.2018

## കോളേജ് വിദ്യാഭ്യാസ വകുപ്പ്
## പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ 2018

1. അപേക്ഷകന്റെ പേര് :
2. ഔദ്യോഗിക മേൽ വിലാസം :
3. മൊബൈൽ നമ്പർ :
4. ഇ-മെയിൽ ഐ.ഡി :
5. സ്ഥലം മാറ്റം ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ (മുൻഗണനാ ക്രമത്തിൽ) :
   1)
   2)
   3)
6. ഹോം സ്റ്റേഷൻ :
7. മുൻപ് തെരഞ്ഞെടുത്തിരുന്ന ഹോം സ്റ്റേഷനും വിശദ വിവരവും :
8. സ്ഥലംമാറ്റത്തിനുള്ള കാരണം :
9. (എ) ജനന തീയതി :
   (ബി) പെൻഷൻ തീയതി :
   (സി) സർവ്വീസിൽ പ്രവേശിച്ച തീയതി :

10. മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും ജോലി ചെയ്തിരുന്ന കാലവും

| സ്ഥാനപത്തിന്റെ പേര് | പ്രവേശിച്ച തീയതി | റിലീവ് ചെയ്ത തീയതി | ഔട്ട് സ്റ്റേഷൻ സർവ്വീസ് (വെയിറ്റേജ്) |
|---|---|---|---|
| | | | |

11. സ്ഥലം മാറ്റത്തിനുള്ള മുൻഗണന അർഹിക്കുന്ന വിഭാഗക്കാരനാണോ : അതെ അല്ല
12. അതെ എങ്കിൽ വിശദ വിവരം (വികാലാംഗർ ആണെങ്കിൽ % രേഖപ്പെടുത്തുക) :
13. സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ ലഭിക്കുന്ന വിഭാഗക്കാരനാണെങ്കിൽ : അതെ അല്ല
14. അതെ എങ്കിൽ വിശദ വിവരം :
15. എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുകയാണോ : അതെ അല്ല

### സത്യ പ്രസ്താവന

ഞാൻ.................................................................മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം:
തീയതി:

അപേക്ഷകന്റെ പേരും ഒപ്പും

സ്ഥാപന മേധാവിയുടെ ശുപാർശ

സ്ഥലം:
തീയതി:

(ഒപ്പ്/-)

## ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നതിന്/മാറ്റത്തിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | : |
| 2. | ഔദ്യോഗിക മേൽ വിലാസം | : |
| 3. | മിശ്ര വിവാഹിതർ/പട്ടികജാതി/പട്ടിക വർഗ്ഗം/വികലാംഗർ/സ്വാതന്ത്ര്യ സമര സേനാനികളുടെയും ജവാൻമാരുടെയും ആശ്രിതർ എന്നീ വിഭാഗത്തിൽപ്പെടുന്നുണ്ടോ എങ്കിൽ വിശദ വിവരം | : |
| 4. | തെരഞ്ഞെടുക്കൽ ആഗ്രഹിക്കുന്ന ഹോം സ്റ്റേഷൻ | : |
| 5. | ഹോം സ്റ്റേഷൻ പുതുതായി തെരഞ്ഞെടുക്കുന്നതാണോ | : |
| 6. | അല്ല എങ്കിൽ വിശദ വിവരം/നിലവിൽ തെരഞ്ഞെടുത്തിട്ടുള്ള ഹോം സ്റ്റേഷൻ | : |

### സത്യ പ്രസ്താവന

ഞാൻ.................................................................മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം: അപേക്ഷകന്റെ പേരും ഒപ്പും
തീയതി:

### സ്ഥാപന മേലധികാരിയുടെ അഭിപ്രായവും ശുപാർശയും

മേൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു

മേലധികാരിയുടെ ഒപ്പ്:
ഔദ്യോഗിക മേൽ വിലാസം:

സ്ഥലം:
തീയതി: (ഓഫീസ് സീൽ)

എസ്.ആർ/08.01.2018

<u>Annexure – 3</u>

**Details required for requesting Log in Credentials for Online Transfer 2018 of the Employees working under the Directorate of Collegiate Education**

**For Employees working in Medical Colleges, Law Colleges, Ayurveda Colleges and Poly Technique**

**FORMAT**

| Sl. No. | Details | Filling Space |
|---|---|---|
| 1) | Name of the Institution | |
| 2) | Address with Pin code | |
| 3) | Phone Numbers | |
| 4) | Mail ID of the college | |
| 5) | Name of the Head of the Institution | |
| 6) | Designation of the Head of the institution | |
| 7) | PEN of the Head of the Institution | |
| 8) | Mail ID of the Head of the Institution | |
| 9) | Mobile Number of the Head of the Institution | |

The soft copy of the above format has to send by the Head of the Institution to dcedirectorate@gmail.com

The hard copy must send to Directorate of Collegiate Education, Vikas Bhavan, Thiruvananthapuram. Both hard copy and soft copy is mandatory for providing log in credential. The reply with log in details will accompany “how to log in and how apply” details.